അടിസ്ഥാനമായിരിക്കേണ്ട അണ്വായുധങ്ങളുടെ വിശ്വാസ്യത, സ്ഫോടനപരീക്ഷണം നിർത്തിവെച്ചാൽ നഷ്ടപ്പെട്ടുപോവും.

'നക്ഷത്രയുദ്ധപരിപാടി നിർത്തിവെച്ചുകൂടാ. കാരണം, അതു് നിർത്തിവെച്ചാൽ, (അമേരിക്കയിലെ) ബഹുജനങ്ങളെ കൂട്ടത്തോടെ കൊന്നൊടുക്കുകയെന്ന (റഷ്യൻ) യുദ്ധതന്ത്രം ശാശ്വതീകരിക്കപ്പെടും. അതിന്റെ ഫലമായി സമാധാനവാദവും, ഏകപക്ഷീയ—നിരായുധീകരണവാദവും അമേരിക്കയിൽ ശക്തിപ്പെടും.

'അമേരിക്കയും റഷ്യയും തമ്മിൽ ഇപ്പോഴുള്ള അണു—ഇതര—ആയുധസന്തുലനം അതേനിലയിൽ മരവിപ്പിച്ചുനിർത്തിക്കൂടാ; കാരണം, അണു—ഇതര ആയുധങ്ങളുടെ കാര്യത്തിൽ റഷ്യയ്ക്കു് ഇപ്പോഴുള്ള മേൽക്കയ്യ് ഉറപ്പിക്കുകയാവും അതിന്റെ ഫലം. ഭൂമിശാസ്ത്രപരമായി കേന്ദ്രത്തിൽ വർത്തിക്കുന്ന റഷ്യയ്ക്കു് ആ നിലയ്ക്കുമുണ്ടു് പ്രാദേശികങ്ങളായ സംഘർഷങ്ങളിൽ മേൽക്കയ്യ്.'

ചുരുക്കം: ഇന്നത്തെ ആയുധപ്പന്തയം തുടരുകയും ശക്തിപ്പെടുകയും വേണമെന്നുതന്നെ!

എങ്കിലും, ലോകമെങ്ങുമുള്ള സമാധാനവാദികൾ നിരാശരായിക്കൂടാ. അമേരിക്ക ഒരു ജനാധിപത്യരാഷ്ട്രമാണു്. കാര്യം ശരിക്കു മനസ്സിലാക്കിക്കഴിഞ്ഞാൽ, അമേരിക്കയിലെ ജനങ്ങൾ സ്വന്തം ഭരണകൂടത്തെ വിവേകത്തിന്റെ മാർഗത്തിലേക്കു നിർബന്ധപൂർവം തിരിച്ചുവിടാതിരിക്കുകയില്ല.

പക്ഷേ, സംഭവവികാസങ്ങൾ അത്രകാലം അടങ്ങിയിരിക്കുമോ? രണ്ടായിരാമാണ്ടു് പുലരുന്നതു് മനുഷ്യവർഗത്തിന്റെ അവസാനം കണ്ടുകൊണ്ടായിരിക്കുമോ?

(15 ഒക്ടോബർ, 1986)

# 10. കമ്യൂണിസവും ക്രിസ്തുമതവും

വിപ്ലവത്തിലൂടെ മുതലാളിത്തവ്യവസ്ഥിതിയെ അട്ടിമറിച്ചു്, അതിന്റെ സ്ഥാനത്തു് സോഷ്യലിസ്റ്റ്‌വ്യവസ്ഥിതി നിലവിൽ വരുത്തുന്നതിൽ ക്രൈസ്തവപുരോഹിതന്മാരും ക്രിസ്തുമതസംഘടന(പള്ളി)യും ക്രിയാത്മകമായ പങ്കു വഹിക്കണമെന്ന വാദഗതിയെയാണു് 'ലിബറേഷൻ തിയോളജി' (വിമോചന ദൈവശാസ്ത്രം) എന്നു വിളിക്കുന്നതു്. വിശ്വാസംകൊണ്ടു കത്തോലിക്ക ക്രിസ്ത്യാനികളായ ബഹുഭൂരിപക്ഷം ജനങ്ങൾ ദീർഘകാലമായി പലവിധം സാമ്രാജ്യവാദങ്ങൾക്കും ഏകാധിപത്യങ്ങൾക്കും കീഴിൽ നരകയാതന അനുഭവിക്കുന്ന തെക്കേ അമേരിക്കയിലെ കത്തോലിക്ക പുരോഹിതരാണു് ഈ വാദഗതിയുടെ ഉന്നേതാക്കൾ.

ബ്രസീലിൽ പിറന്ന, ഇപ്പോൾ മുപ്പത്തൊമ്പതു വയസ്സായ, ഡോമിനിക്കൻ സന്ന്യാസി ഫ്രെ ബെറ്റോ വിമോചന ദൈവശാസ്ത്രത്തിൽ വിശ്വസിക്കുന്ന ഒരാളാണു്. പതിമ്മൂന്നാം വയസ്സുമുതൽ കത്തോലിക്ക പള്ളിയുടെ വിദ്യാർത്ഥിവിഭാഗത്തിൽ സക്രിയമായി പ്രവർത്തിച്ചുവന്ന ബെറ്റോ 1962 മുതൽ 1964 വരെ ബ്രസീലിലെ കത്തോലിക്ക യുവവിദ്യാർത്ഥി വിഭാഗത്തിന്റെ ദേശീയ നേതാവായിരുന്നു. വിദ്യാർത്ഥിനേതാവെന്ന നിലയിൽ ചെയ്ത പ്രവർത്തനങ്ങൾ മുൻനിറുത്തി 1964—ൽ അദ്ദേഹം ജയിലിൽ അടയ്ക്കപ്പെട്ടു. 1965—ൽ ബെറ്റോ 'ഓർഡർ ഓഫ്

ഡോമിനിക്കൻ ബ്രദേഴ്സ്' എന്ന സന്ന്യാസിസംഘടനയിൽ അംഗമായി. 1969–ൽ അദ്ദേഹത്തിനു് വീണ്ടും നാലു വർഷത്തെ ജയിൽശിക്ഷ കിട്ടി. ക്രിസ്തുമതത്തിൽ വിശ്വാസവും പ്രായോഗികജീവിതത്തിൽ സോഷ്യലിസവും പുലർത്തുന്ന ബഹുജനസംഘടനകൾ (ക്രിസ്ത്യൻ ബേയ്സ് കമ്യൂണിററി) ബ്രസീലിൽ സ്ഥാപിക്കുന്ന പ്രവർത്തനത്തിലാണു് 1974 മുതൽ ഫ്രൈ ബെറേറാ ഏർപ്പെട്ടിരിക്കുന്നതു്. ഇപ്പോൾ വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങളിലും തൊഴിലാളിപ്രവർത്തനങ്ങളിലും വ്യാപൃതനായിരിക്കുന്ന ബെറേറാ പല ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ടു്. തന്റെ മത–രാഷ്ട്രീയ വിശ്വാസത്തെപ്പററി ഫ്രൈ ബെറേറാ ഇങ്ങനെ പറയുന്നു:

'താൽക്കാലികമായ ഒരു പ്രതിഭാസമല്ല വിമോചന ദൈവശാസ്ത്രം. തുലോം വ്യത്യസ്തവും പൂർണവുമായ ഒരു ദൈവശാസ്ത്ര സമീപനമാണു് അതു്. വ്യക്തികേന്ദ്രിതമായ ഒരു തത്ത്വമീമാംസയിൽ അധിഷ്ഠിതമാണു് മുതലാളിത്തയൂറോപ്പിലെ ദൈവശാസ്ത്രം. എന്നാൽ, വിമോചന ദൈവശാസ്ത്രം കൂട്ടുപിടിക്കുന്നതു് സാമൂഹ്യശാസ്ത്രങ്ങളെയാണു്. കാരണം, തെക്കേ അമേരിക്കയിലേതു് വ്യക്തി എന്ന നിലയിലുള്ള മനുഷ്യന്റെ പ്രശ്നമല്ല. ഇവിടെ പ്രശ്നം, ചൂഷിതരും മർദിതരും വ്യക്തിത്വം നഷ്ടപ്പെട്ടവരുമായ കോടിക്കണക്കിനു ദരിദ്രർ നിലനിൽക്കുന്നതിന്റെ പിന്നിലുള്ള സംരചനാപരവും രാഷ്ട്രീയവുമായ കാരണങ്ങളാണു്. ക്രിസ്ത്യൻവിശ്വാസത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളെ, ഒററയ്ക്കൊററയ്ക്കായല്ലാതെ, ക്രിസ്തുമതത്തിൽ വിശ്വസിക്കുന്നവരുടെ സമൂഹവും രാഷ്ട്രീയവും സാമ്പത്തികവുമായ യാഥാർത്ഥ്യത്തിനുള്ളിൽവെച്ചുവേണം പരിശോധിക്കാൻ എന്നാണു് വിമോചനദൈവശാസ്ത്രം ആവശ്യപ്പെടുന്നതു്. വിമോചന സമരങ്ങൾക്കുള്ളിൽ ജീവിക്കുകയും ചിന്തിക്കുകയും നിദിധ്യാസനവിഷയമാക്കുകയുംചെയ്യു വിശ്വാസമാണു് വിമോചനദൈവശാസ്ത്രത്തിന്റെ സവിശേഷത. മതത്തിന്റെ മൗലികങ്ങളും പ്രാചീനങ്ങളുമായ പ്രഭവങ്ങളെ ഇന്നത്തെ ചരിത്രസന്ദർഭത്തിൽവെച്ചു് അപഗ്രഥിച്ചു വീണ്ടെടുക്കുന്നതിനുവേണ്ടിയാണു് വിമോചനദൈവശാസ്ത്രം യത്നിക്കുന്നതു്.'

ലോക കമ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ സമകാലനേതാക്കളിൽ പ്രമുഖനാണല്ലോ ക്യൂബയിലെ ഫിദേൽ കാസ്ട്രോ. സൈദ്ധാന്തികനെന്ന നിലയ്ക്കു് ഇന്നു ജീവിച്ചിരിക്കുന്ന കമ്യൂണിസ്റ്റ്കാരിൽ സർവാഗ്രനാണു് അദ്ദേഹം. ഫ്രൈ ബെറേറാ അഞ്ചു വർഷമായി കാസ്ട്രോവുമായി സമ്പർക്കം പുലർത്തിവരുന്നുണ്ടു്. 1985 മെയ് മാസത്തിൽ കാസ്ട്രോവിനോടു നാലു തവണയായി ഇരുപത്തിമൂന്നു മണിക്കൂർ നേരം സംസാരിക്കാൻ ബെറേറാവിനു് അവസരം കിട്ടി. ക്രിസ്തുമതത്തിന്റെയും കമ്യൂണിസത്തിന്റെയും പല അടിസ്ഥാനസിദ്ധാന്തങ്ങളും ഈ സംഭാഷണത്തിൽ പരാമർശിക്കപ്പെട്ടു. പൂർണമായി രേഖപ്പെടുത്തിയിരുന്ന ഈ സംഭാഷണത്തെ ആധാരമാക്കി, 'ഫിദേലും മതവും' എന്ന ഒരു പുസ്തകം പിന്നീടു് ഫ്രൈ ബെറേറാ സ്പാനിഷ് ഭാഷയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. സമകാല മാനവചിന്തയിലെ പല നീറുന്ന പ്രശ്നങ്ങളെയും സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കുന്നതിനാൽ, ഈ പുസ്തകം ലോകമെങ്ങുമുള്ള ബുദ്ധിജീവിവൃത്തങ്ങളിൽ പരക്കെ ചർച്ചചെയ്യപ്പെടുമെന്നാണു കരുതേണ്ടതു്. ക്യൂബയിലും ബ്രസീലിലും വളരെയധികം പ്രചാരം കൈവന്നുകഴിഞ്ഞിട്ടുള്ള ഈ പുസ്തകത്തിൽനിന്നു് കുറെ ഭാഗങ്ങൾ 'ക്യൂബ ഇൻറർനാഷണൽ' എന്ന മാസികയുടെ 1986 മെയ്ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണു് ഈ ലേഖനത്തിനു് ആധാരം.

'യേശുക്രിസ്തു എന്ന വ്യക്തിയെപ്പററി താങ്കൾ എന്തു വിചാരിക്കു

ന്നു?' എന്ന ഫ്രൈ ബെററോവിൻെറ ചോദ്യത്തിനു് കാസ്ട്രോ മറുപടി പറഞ്ഞു:

ഓർമവെച്ചതു മുതൽ വീട്ടിലും സ്കൂളിലും, എൻെറ ശൈശവകൗമാരങ്ങളിൽ മുഴുവൻ, എനിക്കു് ഏററവുമധികം പരിചിതങ്ങളായ പേരുകളിലൊന്നാണു് യേശുക്രിസ്തുവിൻേറതു്. സ്വന്തമായി ഒരു മതധാരണ വികസിപ്പിച്ചെടുക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. മതവിശ്വാസം ഞാൻ നേടിയിട്ടുമില്ല. ഒരു രാഷ്ട്രീയവിശ്വാസം വികസിപ്പിച്ചെടുക്കുകയായിരുന്നു എൻെറ വിപ്ലവജീവിതത്തിൻെറ ലക്ഷ്യം. രാഷ്ട്രീയ—വിപ്ലവ മേഖലകളിൽ ഞാൻ ഉയർത്തിപ്പിടിച്ച ആശയങ്ങൾക്കും, ഓർമവെച്ചതു മുതൽ എനിക്കു് അത്രയേറെ പരിചിതനായിരുന്ന ആ അസാധാരണ വ്യക്തിയുടെ, ആ പ്രതീകത്തിൻെറ (ക്രിസ്തുവിൻെറ) ആശയത്തിനും തമ്മിൽ ഒരു വൈരുദ്ധ്യവും ഞാൻ ഒരിക്കലും കാണുകയുണ്ടായിട്ടില്ല. ക്രിസ്തുവിൻെറ ചിന്തയിലും ക്രൈസ്തവസിദ്ധാന്തങ്ങളിലും അടങ്ങിയ വിപ്ലവകരങ്ങളായ വശങ്ങളെപ്പററി ഞാൻ ഗാഢമായി ചിന്തിച്ചിട്ടുണ്ടു്. ക്രൈസ്തവചിന്തയും വിപ്ലവചിന്തയും തമ്മിലുള്ള പൊരുത്തത്തെപ്പററി പല അവസരങ്ങളിലും ഞാൻ പ്രസ്താവിച്ചിട്ടുണ്ടു്....

'തൻെറ സിദ്ധാന്തങ്ങൾ പ്രസംഗിക്കാൻ ക്രിസ്തു തിരഞ്ഞെടുത്തതു് ധനികരെയായിരുന്നില്ല. ദരിദ്രരും അജ്ഞരുമായ പന്ത്രണ്ടു തൊഴിലാളികളെയാണു് അദ്ദേഹം തിരഞ്ഞെടുത്തതു്. തൊഴിലാളികളോ, മുക്കുവരെന്ന നിലയിൽ സ്വയം ജോലിചെയ്തു ജീവിച്ചിരുന്നവരോ ആയിരുന്നു അവർ. എല്ലാവരും പരമദരിദ്രർ.

'ജനങ്ങൾക്കു ഭക്ഷണം കൊടുക്കാൻ മീനും അപ്പവും ക്രിസ്തു ഇരട്ടിപ്പിച്ചു. വിപ്ലവംകൊണ്ടും സോഷ്യലിസംകൊണ്ടും ഞങ്ങൾ ലക്ഷ്യമാക്കുന്നതു് ഇതുതന്നെയാണു്. ജനങ്ങൾക്കു ഭക്ഷണം നൽകാൻ മീനും അപ്പവും ഇരട്ടിപ്പിക്കുക, സ്കൂളുകളുടെയും അദ്ധ്യാപകരുടെയും ആസ്പത്രികളുടെയും ഡോക്ടർമാരുടെയും എണ്ണം പെരുപ്പിക്കുക, ഫാക്ടറികൾ കൂടുതൽ ഉണ്ടാക്കുക, കൃഷിസ്ഥലങ്ങളും ജോലികളും വർദ്ധിപ്പിക്കുക, വ്യാവസായിക കാർഷിക ഉല്പാദനം അധികമാക്കുക, ഗവേഷണശാലകളും ഗവേഷണപദ്ധതികളും കൂടുതലാക്കുക.

ആത്മാവിൽ ദരിദ്രർ സൗഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണു്. വിലപിക്കുന്നവർ സൗഭാഗ്യവാന്മാർ, അവർക്കു സാന്ത്വനം ലഭിക്കും. സൗമ്യശീലർ സൗഭാഗ്യവാന്മാർ, ഭൂമിയെ അവർ അവകാശമാക്കും. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയുംചെയ്യുന്നവർ സൗഭാഗ്യവാന്മാർ, അവർ സംതൃപ്തിയടയും എന്നു ക്രിസ്തു പറയുമ്പോൾ ക്രിസ്തു സ്വർഗരാജ്യം വാഗ്ദാനംചെയ്യുന്നതു ധനികർക്കല്ല എന്നതു പ്രകടമാണു്. അദ്ദേഹം ദരിദ്രർക്കാണു് അതു വാഗ്ദാനം ചെയ്തതു്. പർവതപ്രഭാഷണത്തെ അനുകൂലിക്കാൻ കാൾ മാർക്സിനും കഴിയുമായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

'അടിമകളുടെ, മർദ്ദിതരുടെ, ദരിദ്രരുടെ, അതിക്രൂരമായ ശിക്ഷകൾക്കു വിധേയരായിരുന്നവരുടെ, ആററാണ്ടുകളായി മർദനം സഹിച്ചുപോന്നവരുടെ മതമായിരുന്നു ക്രിസ്തുമതം. ക്രൈസ്തവസിദ്ധാന്തം വിപ്ലവകരമാണെന്നു റോമാസാമ്രാജ്യം കരുതി. ക്രിസ്തുവിൻെറ അനുയായികളെ മൃഗീയമായി ദ്രോഹിച്ചു. പില്ക്കാലത്തു കമ്യൂണിസത്തിൻെറ ചരിത്രവും ഇതുതന്നെ. രാഷ്ട്രീയവും വിപ്ലവകരവുമായ ഒരു സിദ്ധാന്തമെന്ന നിലയിൽ കമ്യൂണിസം സ്ഥാപിക്കപ്പെട്ടതുമുതൽ മൃഗീയമായ ദ്രോഹത്തിനും പീഡനങ്ങൾക്കും കൈയേററങ്ങൾക്കും കമ്യൂണിസ്റ്റുകാർ വിധേയരാക്കപ്പെട്ടു. അനീതിയിൽ വേരുറച്ച സാമൂഹ്യവ്യവസ്ഥിതിയെ മാററിയെടുക്കുന്നതിനുള്ള സമരത്തിൽ കമ്യൂണിസ്റ്റുപ്രസ്ഥാനത്തിനുമുണ്ടു് അതി

ൻേറതായ രക്തസാക്ഷി പരമ്പര. ആദ്യകാല ക്രിസ്ത്യാനികളെപ്പോലെ കമ്യൂണിസ്റ്റുകാരും ക്രൂരമായ അപവാദങ്ങൾക്കിരയായി. ഏറ്റും കഠിനമായി മർദിക്കപ്പെട്ടു.

'റോമിൽ മർദിതരായിരുന്ന അടിമകളുടെ രാഷ്ട്രീയാശയങ്ങൾതന്നെയായിരുന്നു, സാരാംശത്തിൽ ആദ്യകാല ക്രിസ്ത്യാനികളുടെ മതപരങ്ങളായ ആശയങ്ങൾ. ഈ ആശയങ്ങൾക്കു നേരെ റോമിലെ ഭരണാധികാരികൾ കൈക്കൊണ്ട മർദനനടപടികളോട്, ആധുനികകാലത്തു കമ്യൂണിസ്റ്റുകാർ പ്രാതിനിധ്യം വഹിച്ച തൊഴിലാളികളുടേയും കർഷകരുടേയും രാഷ്ട്രീയാശയങ്ങളെ അടിച്ചമർത്തുന്നതിനു കൈക്കൊള്ളപ്പെട്ട ക്രമബദ്ധവും ക്രൂരവുമായ മർദനനടപടികളെ താരതമ്യപ്പെടുത്താമെന്ന് എനിക്കു തോന്നുന്നു.

'ദരിദ്രരെ വഞ്ചിക്കുന്നവൻ ക്രിസ്തുവിനെയാണു വഞ്ചിക്കുന്നത്.'

ഫ്രൈ ബെറോ ചോദിച്ചു: 'മതം ബഹുജനങ്ങളുടെ കറുപ്പ് ആണ്'' എന്നു മാർക്സ് പ്രസ്താവിച്ചിട്ടുണ്ട്. ചിലർ ഈ പ്രസ്താവം ഉദ്ധരിക്കുകയും എല്ലാ ദ്വന്ദ്വവാദങ്ങൾക്കും മുകളിൽ നിർണായകവും കേവലവുമായ ഒരു ദാർശനികസിദ്ധാന്തമായി അതിനെ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു.

'അധികാരത്തിലുള്ള ഒരു വിപ്ലവപ്പാർട്ടിയായ നിക്കരാഗ്വയിലെ സാൻഡിനിസ്റ്റ് ദേശീയ വിമോചനമുന്നണി 1980—ൽ മതത്തെ സംബന്ധിച്ചു പ്രസിദ്ധീകരിച്ച ഒരു രേഖയിൽ ആദ്യമായി ഈ പ്രസ്താവത്തെ വിമർശിച്ചു. അവർ എഴുതി: മനുഷ്യനെ അന്യവൽക്കരിക്കുന്നതിനും അതിലൂടെ ഒരു വർഗത്തെ മറ്റൊരു വർഗം ചൂഷണംചെയ്യുന്നതിനെ ന്യായീകരിക്കുന്നതിനും ഉതകുന്ന ഒരു സംവിധാനമാണു മതം എന്നു ചില എഴുത്തുകാർ ഉറപ്പിച്ചുപറഞ്ഞിട്ടുണ്ട്. ചരിത്രത്തിൻെറ വ്യത്യസ്തകാലഘട്ടങ്ങളിൽ, രാഷ്ട്രീയമേധാവിത്വത്തെ താങ്ങിനിർത്തുവാൻ മതം ഉപകരിച്ചിട്ടുള്ള തോതിനു്, ഈ പ്രസ്താവത്തിനു ചരിത്രപരമായ മൂല്യവുമുണ്ട്. എന്നാൽ, സ്വന്തം വിശ്വാസത്തെ ആശ്രയിക്കുന്ന ക്രിസ്ത്യാനികൾ ജനങ്ങളുടെയും ചരിത്രത്തിൻെറയും ആവശ്യങ്ങളുമായി പ്രതികരിക്കുകയാണെങ്കിൽ മതവിശ്വാസം അവരുടെ വിപ്ലവവീര്യത്തെ ഉത്തേജിപ്പിക്കും എന്ന സാൻഡിനിസ്റ്റുകളായ ഞങ്ങളുടെ അനുഭവത്തെ ഞങ്ങൾ പ്രഖ്യാപിക്കുന്നു. ഒരാൾക്ക് ഒരേസമയം മതവിശ്വാസിയും സ്ഥിരതയുള്ള വിപ്ലവകാരിയും ആയിരിക്കാൻ കഴിയുമെന്നും മതത്തിനും വിപ്ലവത്തിനും ഇടയ്ക്കു മറികടക്കാനാവാത്ത വൈരുദ്ധ്യമൊന്നുമില്ലെന്നും ഞങ്ങളുടെ അനുഭവം കാണിക്കുന്നു. കമാൻഡർ, മതം ബഹുജനങ്ങളുടെ കറുപ്പ് ആണെന്ന് അങ്ങു വിചാരിക്കുന്നുണ്ടോ?'

കാസ്ട്രോ മറുപടി നൽകി: 'മാർക്സിസം—ലെനിനിസം വളർന്നുവന്ന ചുറ്റുപാടിൽ സമൂഹം വർഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ക്രൂരവും മനുഷ്യത്വരഹിതവുമായ ചൂഷണത്തിനു പള്ളിയും മറ്റും ഉപകരണമായി ശതാബ്ദങ്ങളോളം ഉപയോഗിക്കപ്പെട്ടുവന്നിരുന്നു. അതിനാൽ, പള്ളിക്കും മതത്തിനുതന്നെയും എതിരെ ഉയർത്തപ്പെട്ട വിമർശനങ്ങൾ ന്യായീകരിക്കാവുന്നവയാണ്.

'എന്നാൽ, മാർക്സ് അന്താരാഷ്ട്രീയ തൊഴിലാളിസംഘടന രൂപവൽക്കരിച്ചപ്പോൾ അതിൽ (ഒന്നാം ഇൻറർനാഷണലിൽ) പല ക്രിസ്ത്യാനികളും ഉണ്ടായിരുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. പാരീസ്കമ്യൂണിൽ പൊരുതിമരിച്ചവരിലുമുണ്ടായിരുന്നു പല ക്രിസ്ത്യാനികളും. സാമൂഹ്യവിപ്ലവം പുരോഗമിപ്പിക്കുകയെന്ന ചരിത്രപരമായ ദൗത്യത്തിൽ നിന്ന് ആ ക്രിസ്ത്യാനികളെ ഒഴിച്ചുനിർത്തുന്ന ഒരു പ്രസ്താവനയും മാർക്സ് പുറപ്പെടുവിച്ചിട്ടില്ല.'

ലെനിൻ സ്ഥാപിച്ച ബോൾഷെവിക് പാർട്ടിയുടെ പരിപാടിയെ സംബന്ധിച്ച ചർച്ചകളിലും ക്രിസ്ത്യാനികളെ പാർട്ടിയിൽനിന്ന് അകററിനിർത്തുന്നതായി ഒരൊററ വാക്കുപോലുമില്ല. പാർട്ടിപരിപാടി അംഗീകരിക്കണമെന്നതു മാത്രമായിരുന്നു അംഗത്വത്തിനുള്ള മുഖ്യനിബന്ധന.

ഇതിനർത്ഥം മതത്തെ സംബന്ധിച്ച മാർക്സിൻെറ ആ പ്രസ്താവന, അതു പുറപ്പെടുവിച്ച പ്രത്യേക സന്ദർഭത്തിൽ തികച്ചും ന്യായീകരിക്കാനാവുന്ന ഒരു മുദ്രാവാക്യവും ഒരു ശൈലിയും ചരിത്രപ്രാധാന്യമുള്ള ഒരു പ്രസ്താവവും ആയിരുന്നു എന്നാണ്. ഇപ്പോഴും ചില ചുററുപാടുകളിൽ അതൊരു യാഥാർത്ഥ്യപ്രസ്താവം ആവാം. സാമ്രാജ്യവാദത്തോടും നവകൊളോണിയലിസത്തോടും ചൂഷണത്തോടും മർദനത്തോടും കത്തോലിക്കപ്പള്ളിയോ മററ് ഏതെങ്കിലും മതസംഘടനയോ ബന്ധപ്പെട്ടുനില്ക്കുന്ന രാജ്യങ്ങളിൽ മതം ബഹുജനങ്ങളുടെ കറുപ്പാണെന്ന വാക്യം ആരെങ്കിലും ആവർത്തിച്ചാൽ നിങ്ങൾ ആശ്ചര്യപ്പെടരുത്. അതുപോലെ മതവിശ്വാസവും വിപ്ലവപ്രവർത്തനവും തമ്മിൽ ഒരു വൈരുദ്ധ്യവുമില്ലെന്ന് സ്വന്തം അനുഭവത്തെ അടിസ്ഥാനമാക്കി നിക്കാരാഗ്വക്കാർ നിശ്ചയിച്ചാൽ, ആ നിഗമനവും ദ്വന്ദ്വവാദത്തോടും മാർക്സിസത്തോടും തികച്ചും നിരക്കുന്ന ഒന്നാണെന്നു ഞാൻ വിശ്വസിക്കുന്നു.

'രാഷ്ട്രീയമായ നിലപാടിൽനിന്നു നോക്കുമ്പോൾ മതം സ്വയം കറുപ്പോ, അത്ഭുതമരുന്നോ അല്ല. മർദകരെയും ചൂഷകരെയും ന്യായീകരിക്കാൻ ഉപയോഗിക്കുമ്പോൾ മതം കറുപ്പ് ആയിത്തീരുന്നു; മർദിക്കപ്പെടുന്നവരുടെയും ചൂഷണംചെയ്യപ്പെടുന്നവരുടെയും സംരക്ഷണത്തിന് ഉപയോഗപ്പെടുത്തുമ്പോൾ മതം ഒരു അത്ഭുതമരുന്നായിത്തീരുന്നു. ദൈവശാസ്ത്രവും മതവും എങ്ങനെയിരുന്നാലും ഈ ഭൂമിയിൽ പിറന്നവരും ഇവിടെ ജീവിക്കുന്നവരുമായ മനുഷ്യരുടെ രാഷ്ട്രീയ—സാമൂഹ്യ—ഭൗതിക പ്രശ്നങ്ങളെ എങ്ങനെ സമീപിക്കുന്നു എന്നതിനെ ആശ്രയിച്ചാണു മതം കറുപ്പോ അത്ഭുതൗഷധമോ എന്നു വിധിക്കേണ്ടതു്.

'രാഷ്ട്രീയവീക്ഷണത്തിൽനിന്ന് ക്രിസ്ത്യാനികൾ മാർക്സിസ്റ്റുകൾ കൂടി ആകുന്നതോ, മാർക്സിസ്റ്റ് കമ്യൂണിസ്റ്റുകളുമായിചേർന്നു ലോകത്തെ പരിവർത്തിപ്പിക്കുന്നതിന് ക്രിസ്ത്യാനികൾ യത്നിക്കുന്നതോ സാദ്ധ്യമാണ്. ക്രിസ്ത്യാനികൾ ആരംഭിക്കുന്നതു് മതധാരണകളിൽനിന്നായാലും ചൂഷണം അവസാനിപ്പിച്ച് സാമൂഹ്യോല്പാദനം നീതിയുക്തമായി പങ്കിടുന്നതിലും സമത്വത്തിലും സാഹോദര്യത്തിലും മനുഷ്യരുടെ അന്തസ്സിലും അവർ ആത്മാർത്ഥമായി വിശ്വസിക്കുകയും ഏററവും പുരോഗമിച്ച രാഷ്ട്രീയ—സാമ്പത്തിക—സാമൂഹ്യആശയങ്ങളുടെ പതാകാവാഹകരായിരിക്കുകയും വേണമെന്നു മാത്രം.'

ഫ്രൈ ബെറേറാ ചോദിച്ചു: 'കമാൻഡർ, വിപ്ലവകാരികൾക്കു സ്നേഹം ആവശ്യമാണോ?'

കാസ്ട്രോ പറഞ്ഞു: 'തീർച്ചയായും, ഏററവും വിശാലമായ അർത്ഥത്തിൽ സ്നേഹം അവർക്ക് ആവശ്യമാണ്. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ മാത്രമേ ശരിയായ സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും നിലനിൽക്കുകയുള്ളു. സോഷ്യലിസത്തിനു കീഴിൽ അന്താരാഷ്ട്രീയധാരണയോടെ പുലർത്തപ്പെടുന്ന മാനവ സമത്വ—സാഹോദര്യ—അഖണ്ഡതകളാണ് മതം ഉദ്ഘോഷിക്കുന്ന അയൽപക്കക്കാരനോടുള്ള സ്നേഹത്തെ മൂർത്തമായും പ്രായോഗികമായും ഉൾക്കൊള്ളുന്നതു്.'

ഫ്രൈ ബെറേറാ ചോദിച്ചു: 'മനുഷ്യൻെറ ആദ്ധ്യാത്മികജീവിതത്തെ വികസിപ്പിക്കുന്നതിൽ സോഷ്യലിസ്റ്റ്—കമ്യൂണിസ്റ്റ് സമൂഹങ്ങൾക്കു താല്പര്യമുണ്ടോ?'

കാസ്ട്രോ പറഞ്ഞു: 'ഉണ്ട്. തീർച്ചയായും ഞങ്ങൾ ശ്രമിക്കുന്നത് മനുഷ്യന്റെ ഭൗതികവും ആദ്ധ്യാത്മികവും (സ്പിരിച്വൽ) ആയ പൂർണ വികാസത്തിനാണ്. മനുഷ്യന്റെ ആദ്ധ്യാത്മികവികസനം എന്നു ഞങ്ങൾ പറയുമ്പോൾ അതിനു മതപരമായ അർത്ഥവുമുണ്ട്. എല്ലാ വ്യക്തികൾക്കും സ്വാതന്ത്ര്യവും അവസരവുമുണ്ടാവണമെന്നതു ഞങ്ങളുടെ ഒരു തത്ത്വമാണ്. മർദനത്തിൽനിന്നും ചൂഷണത്തിൽനിന്നും അടിമത്തത്തിൽനിന്നും മോചിപ്പിക്കുമ്പോൾ നാം മനുഷ്യനു സ്വാതന്ത്ര്യവും മാന്യതയും അന്തസ്സും ആത്മബലവും—ചുരുക്കത്തിൽ മനുഷ്യത്വം—ഉറപ്പുവരുത്തുന്നു. അഖണ്ഡത (സോളിഡാരിററി) പുലർത്തുകയെന്ന അർത്ഥമാണ് അയൽപക്കക്കാരനെ സ്നേഹിക്കുക എന്നതിനു് എന്നത്രേ എന്റെ ബോദ്ധ്യം.'

ഫ്രൈ ബെററോ പറഞ്ഞു: 'വർഗങ്ങൾ തമ്മിലുള്ള വിദ്വേഷം, വർഗസമരം എന്നിവ സംബന്ധിച്ച മാർക്സിസ്റ്റ് ധാരണകൾ ചില ക്രിസ്ത്യാനികൾക്കു പ്രയാസം ഉളവാക്കുന്നവയാണ്.'

കാസ്ട്രോ പറഞ്ഞു: 'സാമൂഹ്യവർഗങ്ങൾ നിലനിൽക്കുന്നു എന്നതു് ഒരു ചരിത്രവസ്തുതയാണ്. പ്രാകൃതകമ്യൂണിസകാലഘട്ടത്തിൽ എല്ലാം പൊതുസ്വത്തായിരുന്നതിനാൽ വർഗഭേദം ഉണ്ടായിരുന്നില്ല. സമൂഹം വികസിച്ചതിന്റെ ഫലമായി വർഗങ്ങൾ ഉരുത്തിരിഞ്ഞു. മാർക്സോ, അനുയായികളോ കണ്ടുപിടിച്ചതല്ല വർഗങ്ങളുടെ നിലനില്പും വർഗസമരവും. മാർക്സിസ്റ്റുകൾ ചെയ്തതു് ചരിത്ര യാഥാർത്ഥ്യത്തിന്റെ അപഗ്രഥനപഠനങ്ങളിലൂടെ വർഗസമരങ്ങളുടെയും സമൂഹവികസനത്തിന്റെയും നിയമങ്ങൾ ചികഞ്ഞെടുത്തു പ്രതിപാദിക്കുക മാത്രമാണ്.'

'വർഗങ്ങൾ തമ്മിൽത്തമ്മിൽ ദ്വേഷിക്കണമെന്നു മാർക്സിസം—ലെനിനിസം പറയുന്നില്ല. വർഗങ്ങളും അവ തമ്മിൽ സംഘർഷവും നിലനിൽക്കുന്നുവെന്നും സംഘർഷം ദ്വേഷത്തിലേക്കു നയിക്കുന്നുവെന്നും മാത്രമേ മാർക്സിസം—ലെനിനിസം പറയുന്നുള്ളു. വിദ്വേഷത്തിനു കാരണം മാർക്സിസം—ലെനിനിസമല്ല, വർഗസംഘർഷത്തിന്റെ നിലനില്പാണ്. മർദനവും ചൂഷണവും സാമൂഹ്യഅനീതിയുമാണ് വിദ്വേഷം ഉണ്ടാക്കുന്നതു്. വർഗങ്ങൾ ഉണ്ട്, അവ തമ്മിൽ സംഘർഷമുണ്ട്. ഇതു നിമിത്തം വിദ്വേഷം ഉണ്ടാകുന്നു എന്നേ മാർക്സിസം പറയുന്നുള്ളു.

'ക്യൂബയിൽ ഞങ്ങളുടെ വിപ്ലവത്തിന്റെ ആശയസംഹിത നിങ്ങൾ അപഗ്രഥിക്കുക. വിദ്വേഷത്തിന്റെ ഒരു വാക്കുപോലും ഇവിടെ പറയപ്പെട്ടിട്ടില്ല. മഹാചിന്തകനായ മാർട്ടി എഴുതി: 'ചമ്മട്ടിയടിയോ, അപമാനിക്കുന്ന വാക്കുകളോ, എന്റെ കാലിലെ ചങ്ങലയുടെ കിലുക്കമോ, ആരെയും ദ്വേഷിക്കാൻ എന്നെ പഠിപ്പിച്ചില്ല.' ജീവിതകാലം മുഴുവൻ സ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്യാൻ ഉദ്ബോധിപ്പിച്ച മാർട്ടി (സാമ്രാജ്യമേധാവികളായ) സ്പെയിൻകാരെ ദ്വേഷിക്കുവാൻ ക്യൂബക്കാരെ ഉപദേശിച്ചില്ല. വിപ്ലവകാരികളും സോഷ്യലിസ്റ്റുകളും മാർക്സിസ്റ്റ്—ലെനിനിസ്റ്റുകളുമായ ഞങ്ങൾ വിദ്വേഷത്തിന്റെ തത്ത്വശാസ്ത്രം പ്രചരിപ്പിക്കുന്നില്ല. വ്യക്തികളെയല്ല, നീതിരഹിതമായ ചൂഷണവ്യവസ്ഥയെയാണു ഞങ്ങൾ ദ്വേഷിക്കുന്നതു്. അനീതിവ്യവസ്ഥിതിയെ ദ്വേഷിക്കാനും തള്ളിക്കളയാനും ഞങ്ങൾ ഉദ്ബോധിപ്പിക്കുന്നു. മനുഷ്യർക്കിടയിൽ വിദ്വേഷം ഞങ്ങൾ പ്രചരിപ്പിക്കുന്നില്ല. എതിർക്കേണ്ടിവന്നാൽ, വ്യവസ്ഥിതിയെ ഞങ്ങൾ എതിർക്കും. ഞങ്ങൾ വെറുക്കുന്ന വ്യവസ്ഥിതിയെ പ്രതിനിധാനംചെയ്യുന്ന മനുഷ്യരോട്, വേണ്ടിവന്നാൽ ഞങ്ങൾ പൊരുതും. കുററം, അനീതി, ചൂഷണം, അസമത്വം എന്നിവ ക്രിസ്തുമതത്തിനും എതിരാണ്. ഇവയ്ക്കെതിരെ,

മനുഷ്യാവകാശങ്ങൾക്കുവേണ്ടി പൊരുതുന്നതു മതത്തിനെതിരല്ല എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

'ഞാൻ ഫാസിസത്തെ വെറുക്കുന്നു. നാത്സിസത്തെ വെറുക്കുന്നു. അവയ്ക്കു് ഉത്തരവാദികളായവരെ ശിക്ഷിച്ചതു് ശരിയായിരുന്നു എന്നും ഞാൻ പറയും. എന്നാൽ, കൈയിൽ രക്തം പുരണ്ട ഒരു മനുഷ്യനെയോ, ഒരു പ്രതിവിപ്ലവകാരിയെയോ നാം ശിക്ഷിക്കുന്നതു് പ്രതികാരത്തിനുവേണ്ടി ആകരുതു് എന്നും ഞാൻ പറഞ്ഞിട്ടുണ്ടു്. പ്രതികാരത്തിനു യാതൊരർത്ഥവുമില്ല. ആരോടാണു നാം പകവീട്ടേണ്ടതു്? ചരിത്രത്തോടോ? ആ ദുഷ്ടരെ ഉല്പാദിപ്പിച്ച സമൂഹത്തോടോ? എത്രയോ വർഷങ്ങളായി ഞാൻ പൊരുതാൻ തുടങ്ങിയിട്ടു്. എന്നാൽ, ഈ പോരാട്ടത്തിൽ വ്യക്തികളോടു പകയോ, പ്രതികാരബുദ്ധിയോ ഉണ്ടായിരുന്നതായി പറയാൻ എനിക്കു കഴിയുകയില്ല. വ്യക്തികളുടെ പെരുമാററം പല ചുററുപാടുകളുടെ ഫലവും വളരെ വലിയ അററത്തോളം പൂർവ്വനിർണീതവും ആണെന്നു ഞങ്ങൾ കണ്ടിട്ടുണ്ടു്. ഒരു അഞ്ചാംപത്തിക്കാരനെയോ, വഞ്ചകനെയോ, കൊലയാളിയെയോ ശിക്ഷിക്കേണ്ടിവന്നിട്ടുള്ളപ്പോൾ, പക കൊണ്ടോ പ്രതികാരബുദ്ധികൊണ്ടോ അല്ല, സമൂഹത്തെ രക്ഷിക്കാനും ജനങ്ങൾക്കു സാമൂഹ്യനീതിയും സുഖജീവിതവും നൽകുന്ന വിപ്ലവത്തെ തുടർന്നു നിലനിർത്താനുമാണു ഞങ്ങൾ അങ്ങനെ ചെയ്തിട്ടുള്ളതു്.

'മാർക്സ് ഒരു വ്യക്തിയെയും വെറുത്തിരുന്നില്ല. ലെനിനും സാർചക്രവർത്തിയെപ്പോലും വെറുത്തിരുന്നില്ല. ലെനിൻ വെറുത്തതു് സാറിന്റെ സാമ്രാജ്യവ്യവസ്ഥിതിയെയാണു്. മാർക്സും ലെനിനും മനുഷ്യവിദ്വേഷം പ്രചരിപ്പിച്ചില്ല. അവർ പ്രചരിപ്പിച്ചതു് വ്യവസ്ഥിതിയോടുള്ള വിദ്വേഷമാണു്. 'വർഗസമരം' എന്നതിന്റെ അർത്ഥവും ഇതുതന്നെ. 'വർഗവിദ്വേഷം' എന്നാൽ,മനുഷ്യർ തമ്മിലുള്ള വിദ്വേഷമല്ല; വർഗവ്യവസ്ഥിതിയോടുള്ള വിദ്വേഷമാണു്. 'നമുക്കു് എല്ലാ ശക്തിയുമുപയോഗിച്ചു് സ്പെയിൻകാരോടു പൊരുതുക. പക്ഷേ, നാം അവരെ വെറുക്കാതിരിക്കുക. നമ്മുടെ സമരം സ്പെയിൻകാർക്കെതിരല്ല. സ്പാനിഷ് സാമ്രാജ്യവ്യവസ്ഥിതിക്കെതിരാണു്'' എന്നാണു മാർട്ടി എപ്പോഴും പറഞ്ഞുവന്നതു്.'

'ക്യൂബ ഇന്റർനാഷണലി'ന്റെ ലേഖനത്തിൽനിന്നുള്ള ഉദ്ധാരണം ഇവിടെ അവസാനിപ്പിക്കുന്നു.

ഇന്ത്യൻ ജനാധിപത്യത്തിന്റെ ഒരടിസ്ഥാനതത്ത്വമായി മതനിരപേക്ഷതയെ നാം അംഗീകരിച്ചിട്ടുണ്ടു്. രാഷ്ട്രീയകാര്യങ്ങളിൽ മതസ്ഥാപനങ്ങളോ, മതാചാര്യരോ കൈയിടരുതെന്നും, തികച്ചും ഭൗതികമായ ആവശ്യങ്ങൾക്കായി മതത്തിന്റെ പേരു് ദുരുപയോഗപ്പെടുത്തരുതെന്നും നാം ആഗ്രഹിക്കുന്നു. ഇന്ത്യയെപ്പോലെയുള്ള ഒരു ബഹുമതരാഷ്ട്രത്തിൽ ജനാധിപത്യത്തിന്റെ ഭദ്രതയ്ക്കു മതനിരപേക്ഷത കർശനമായി പാലിക്കപ്പെടണമെന്നതിലും നമുക്കു സംശയമില്ല.

കത്തോലിക്കർക്കു ബഹുഭൂരിപക്ഷമുള്ള ലാററിൻ അമേരിക്കൻ രാജ്യങ്ങളിലെ സ്ഥിതിയോ? മതസ്ഥാപനങ്ങളുടെ സ്വാധീനവും മതാദർശങ്ങളുടെ ഊർജവും അവിടെ സാമൂഹ്യവിപ്ലവം ത്വരിപ്പിക്കുന്നതിനു് ഉപയോഗപ്പെടുത്താമോ? 'ഉപയോഗപ്പെടുത്താം' എന്നു വിശ്വസിക്കുന്നവരാണു് 'വിമോചന ദൈവശാസ്ത്രത്തി'ന്റെ ഉപജ്ഞാതാക്കൾ. ഫ്രൈ ബെററോവിന്റെ സ്ഥാനം അവർക്കിടയിലാണു്.

വിപ്ലവം സംഭവിച്ചുകഴിഞ്ഞാലും മതത്തിന്റേതായ ചില മൂല്യങ്ങൾക്കു സമൂഹത്തിൽ പ്രസക്തി ഉണ്ടായിരിക്കുകയില്ലേ? സാധാരണ മനുഷ്യനു മതത്തോടു തോന്നുന്ന പ്രബലമായ ആകർഷണത്തെ അമർത്തിക്കളയേണ്ടതുണ്ടോ? മറിച്ചു്, വർഗഭേദരഹിതമായ ഒരു സമൂഹത്തിലും

മതത്തിന്റെ ചടങ്ങുകൾക്കും തത്ത്വചിന്തകൾക്കും പ്രസക്തി ഉണ്ടായിരിക്കയില്ലേ?

'ഉണ്ടായിരിക്കും' എന്നു വിശ്വസിക്കുന്നവർ പലരുമുണ്ട്.

ഫിദേൽ കാസ്ട്രോവിന്റെ വിശ്വാസം അതാണെന്നു തോന്നുന്നു.

(ആഗസ്റ്റ്, 1986)

# 11. റേയ്ഗൻ പിടിച്ച പുലിവാൽ...

വലിയ ഒരു കുഴപ്പത്തിൽച്ചെന്നു ചാടിയിരിക്കുകയാണ് അമേരിക്കയിലെ സർവശക്തനായ പ്രസിഡണ്ട് റൊണാൾഡ് റേയ്ഗൻ. അമേരിക്കൻ പാർലമെന്റ് പാസ്സാക്കിയ നിയമങ്ങൾ സംരക്ഷിക്കാൻ ചുമതലപ്പെട്ട പ്രസിഡണ്ട് ആ നിയമങ്ങളിൽ പലതും ലംഘിക്കുകയും, വൻതുകകൾ ഉൾപ്പെടുന്ന സംശയാസ്പദങ്ങളായ രഹസ്യ പണമിടപാടുകളുമായി ബന്ധപ്പെടുകയുംചെയ്തിരിക്കുന്നു. സദാചാരമര്യാദകൾ സംബന്ധിച്ചിടത്തോളം അമേരിക്കൻ പൗരന്മാർക്കു മാതൃകയായിരിക്കേണ്ട പ്രസിഡണ്ട് തുടർച്ചയായി കള്ളങ്ങൾ പറഞ്ഞിരുന്നതായി തെളിഞ്ഞിരിക്കുന്നു. പ്രസിഡണ്ടിന്റെ ഈ ദുഷിച്ച നടപടികൾ സംബന്ധിച്ച അപവാദവാർത്തകൾ അമേരിക്കൻ പത്രങ്ങളിൽ നിരന്തരമായി പ്രസിദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അമേരിക്കൻ പാർലമെന്റിന്റെ രണ്ടു ഘടകങ്ങളായ സെനററും ഹൗസ്സും നിയമിക്കുന്ന പലതരം കമ്മിററികൾക്കു മുമ്പിൽ, പ്രസിഡണ്ടിന്റെ അടുത്ത സഹായികളിൽ പലരും 1987-ാമാണ്ടിന്റെ ആദിമാസങ്ങളിൽ പരസ്യമായി വിചാരണചെയ്യപ്പെട്ടു. വാട്ടർഗേററ് അന്വേഷണങ്ങളെത്തുടർന്ന് 1973-ൽ അമേരിക്കൻ പ്രസിഡണ്ട് ആയിരുന്ന റിച്ചാർഡ് നിക്സൻ ശിക്ഷിക്കപ്പെട്ടതുപോലെ (ഈ ശിക്ഷ, നിക്സനെത്തുടർന്നു പ്രസിഡണ്ട് ആയിത്തീർന്ന ജെറാർഡ് ഫോർഡ് ഇളവുചെയ്തുകൊടുത്തതിനാൽ നിക്സനു ജയിലിൽ കിടക്കേണ്ടിവന്നില്ല.) 1987-ൽ നടക്കുന്ന അന്വേഷണങ്ങളുടെ ഫലമായി റേയ്ഗനു പ്രസിഡണ്ട്സ്ഥാനം നഷ്ടപ്പെടുകയോ, എന്തെങ്കിലും ശിക്ഷ വിധിക്കപ്പെടുകയോ ഉണ്ടാവുകയില്ലായിരിക്കാം. എങ്കിലും, നിക്സന്റെ കീഴിൽ ഉദ്യോഗസ്ഥരായിരുന്ന ഹാൽഡിമാൻ, എർലിഷ്മാൻ എന്നിവരെപ്പോലെ, റേയ്ഗന്റെ കീഴിൽ വൈററ്ഹൗസിൽ ജോലിചെയ്യുന്ന ചിലർക്കെങ്കിലും ജയിലിൽ പാർക്കേണ്ട യോഗം ഉണ്ടാവുമെന്നാണു കരുതപ്പെടുന്നത്. റേയ്ഗനു് ഏതായാലും 'ഗ്ലാമർ' നഷ്ടപ്പെട്ടിരിക്കുന്നു. ഇനിയങ്ങോട്ട്, 1988-ൽ കാലാവധി തീരുംവരെ, റേയ്ഗൻ പുതിയ ഒരു നയവും ആവിഷ്കരിക്കാനോ, ധീരമായ ഏതെങ്കിലും നിശ്ചയം കൈക്കൊള്ളാനോ ശക്തിയില്ലാതെ, പേരിനുമാത്രം പ്രസിഡണ്ടായി വൈററ്ഹൗസിൽ കടിപാർപ്പ് തുടരുകയേ ഉള്ളു എന്നാണു വിശ്വസിക്കപ്പെടുന്നത്. റേയ്ഗന്റെ കീഴിൽ വൈസ് പ്രസിഡണ്ട് ആയ ജോർജ് ബുഷിനു്, അടുത്ത തെരഞ്ഞെടുപ്പിൽ പ്രസിഡണ്ട്സ്ഥാനത്തേക്കു മത്സരിക്കുന്നതിനു റിപ്പബ്ലിക്കൻ പാർട്ടിയുടെ നോമിനേഷൻ കിട്ടിയേക്കുകയില്ല. വരുന്ന പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ, ഈയിടെ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിലെന്നപോലെ, റേയ്ഗന്റെ റിപ്പബ്ലിക്കൻ പാർട്ടി തോല്ക്കുമെന്നും, ഡെമോക്രാററിക് പാർട്ടിയുടെ നോമിനിയായിരിക്കും അടുത്ത അമേരിക്കൻ പ്രസിഡണ്ട് എന്നും ഏതാണ്ടു തീർച്ചയായിരിക്കുന്നു.